**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.ഡി.സി.1/258/2020/ത.സ്വ.ഭ.വ
തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16/06/2020

<u>സർക്കുലർ</u>

വിഷയം:- കോവിഡ് - 19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ- വിവിധ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തുന്ന പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

********************

കോവിഡ് - 19 വ്യാപനത്തോനോടനുബന്ധിച്ചുള്ള ലോക് ഡൗണിൽ ഇളവുകൾ നിലവിൽ വന്നതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോവിഡ്-19 നിർവ്യാപന / പ്രതിരോധ നടപടികളുടെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നല്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സന്ദർശകരുടെ വിവരങ്ങൾ (പേര്, മേൽവിലാസം, സന്ദർശന സമയം, ഫോൺ നമ്പർ, കാണേണ്ട ഉദ്യോഗസ്ഥന്റെ പേര്) പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.
2. ഒരു സമയം 5 പേരിൽ കൂടുതൽ സന്ദർശകർക്ക് ഓഫീസിനുള്ളിൽ പ്രവേശനം അനുവദിക്കരുത്.
3. പൊതുജനങ്ങൾ പരമാവധി ഓഫീസിൽ നേരിട്ടുവരാതെ വിവിധ സേവനങ്ങൾക്കായി ലഭ്യമായ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതാണ്. ഫയൽ സംബന്ധമായ അന്വേഷണങ്ങൾ ഫോൺ മുഖേന നടത്തേണ്ടതാണ്.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അത്യാവശ്യമായി എത്തേണ്ട പൊതുജനങ്ങളുടെ സൗകര്യാർത്ഥം വിസിറ്റേഴ്സ് ഹെൽപ് ഡെസ്ക് സംവിധാനം സജ്ജമാക്കേണ്ടതാണ്. ഫോൺമുഖേന ബന്ധപ്പെട്ട് appointment വാങ്ങാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.
5. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തുന്ന പൊതുജനങ്ങൾ സാമൂഹിക അകലം അടക്കമുള്ള ബ്രേക്ക് ദ ചെയിൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്. മാസ്ക് / മുഖാവരണം നിർബന്ധമായും ധരിക്കേണ്ടതാണ്.
6. പൊതുജനങ്ങൾക്കായി സാനിട്ടൈസർ, സോപ്പ് ഉപയോഗിച്ച് കൈകഴുകുന്നതിനുള്ള സംവിധാനം എന്നിവ സജ്ജീകരിക്കേണ്ടതും നിലവിലുള്ള ആരോഗ്യ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് ആയവ നിർവ്വഹിക്കേണ്ടതുമാണ്.
7. പൊതുജനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന പരിസരത്ത് കൂട്ടംകൂടി നില്ക്കുകയോ തുപ്പുകയോ

മറയില്ലാതെ ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യരുത്.

8. ലിഫ്റ്റുകളിൽ സാമൂഹിക അകലം പാലിച്ചു മാത്രമേ ആളുകളെ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ലിഫ്റ്റുകളിൽ അനുവദനീയമായ ആളുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച് ലിഫ്റ്റിനു പുറത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
9. യാതൊരു കാരണവശാലും 10 വയസ്സിൽ താഴെയും 60 വയസ്സിന് മുകളിലും പ്രായമുള്ള ആൾക്കാർ ഓഫീസ് സന്ദർശിക്കുവാൻ ഇടവരുത്താത്ത രീതിയിൽ ഉചിതമായ മാർഗ്ഗത്തിൽ സേവനം നല്കേണ്ടതാണ്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ക്യാന്റീൻ/ലഘുഭക്ഷണശാലകൾ കോവിഡ്-19 മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രം പ്രവർത്തിക്കേണ്ടതാണ്.
11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സന്ദർശകർക്കുള്ള വിശ്രമമുറികൾ, ശൗചാലയങ്ങൾ, കൈകളുമായി സമ്പർക്കത്തിൽ വരുന്ന ഡോർ ഹാൻഡിലുകൾ സ്റ്റെയർകേസ് ഹാൻഡ് റെയിൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ അണുനശീകരണം നടത്തേണ്ടതാണ്.

**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.06.16 16:46:59 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ, ഹരിതകേരളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ്&ന്യൂമീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി